**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി.സി.എം.പാപ്പ ഫയൽ ചെയ്ത TA No. 5306/2012 (W.P (c) No. 25219/11) നമ്പർ കേസിന്മേലുള്ള 18/08/2016 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 31 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 09.02.2017.

---

പരാമർശം :
1. ജി.ഒ (പി) നം. 501/05/ഫിൻ തീയതി 25/11/2005
2. ജി.ഒ (പി) നം. 61/2010/ഫിൻ തീയതി 09/02/2010.
3. സർക്കുലർ നം. 23/2010/ഫിൻ തീയതി 02/03/2010.
4. ശ്രീമതി.സി.എം.പാപ്പ, കാഷ്വൽ സ്വീപ്പർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) കാര്യാലയം സമർപ്പിച്ച 05/10/2016 ലെ അപേക്ഷ.
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA No. 5306/2012 (W.P (c) No. 25219/11) ന്മേലുള്ള 18/08/2016 ലെ വിധിന്യായം.
6. ഗ്രാമവികസന കമ്മീഷണറുടെ 15/11/2016 ലെ 24039/എസ്റ്റാ.ഡി4/2011/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിൽ കാഷ്വൽ സ്വീപ്പറുടെ തസ്തികയിൽ 1986 മുതൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സി.എം.പാപ്പ തന്നെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ W.P (c) No. 25219/11 ഫയൽ ചെയ്യുകയുണ്ടായി. ബഹു. കേരള ഹൈക്കോടതി ടി കേസ് TA No. 5306/2012 ആയി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് ഇപ്രകാരമായിരുന്നു.

'' There will be a direction to the 2nd respondent to forward the proposal to the first Respondent for regularising the applicant in the sanctioned post of Part Time Sweeper in the third Respondent's office and consequential decision will be taken by the Government within a period of three months form the date of receipt of a certified copy of the order and on regularising her service, eligible monetary benefits also will be sanctioned to her.''

ശ്രീമതി.സി.എം.പാപ്പയെ ഇടുക്കി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ജനറൽ ഓഫീസിൽ സ്ഥിരപ്പെടുത്തുന്നതിന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.സി.എം.പാപ്പയെ, ടി ഓഫീസിൽ അനുവദിച്ച തസ്തികയിൽ, ടി ഉത്തരവ് തീയതി

മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് നടപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (with C/L)
3) ശ്രീമതി.സി.എം.പാപ്പ, പാർട്ട് ടൈം സ്വീപ്പർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റുടെ കാര്യാലയം, ഇടുക്കി (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ഇടുക്കി
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6) അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കോട്ടയം
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8) വിവര പൊതുജന സമ്പർക്ക( വെബ് & ന്യൂ മീഡിയ) വകുപ്പ്
9) ധനകാര്യ വകുപ്പ് (അ.ഔ. നം. Dev1/370/2016/Fin തീയതി 12/01/2017)
10) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ